"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗത്തിലെ രണ്ട് അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളെ അസോഷ്യേറ്റ് പ്രൊഫസർ തസ്തികകളായി അപ്ഗ്രേഡ് ചെയ്തും പ്രസ്തുത തസ്തികകളിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(കൈ) നം.129/2026/H&FWD തീയതി,തിരുവനന്തപുരം, 05-06-2026

---

പരാമർശം:- 1. സ ഉ (സാധാ) നം 964/2022/ആ കു വ തീയതി 29.04.2022

2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 26/02/2026, 18/03/2026 തീയതികളിലെ എഫ്6-838/2026/മെ.വി.വ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗത്തിൽ 1991-ൽ പി.ജി ഡിപ്ലോമയും 2003-ൽ എം.ഡി കോഴ്സും ആരംഭിച്ചിരുന്നു. പ്രസ്തുത വിഭാഗത്തിൽ നിലവിൽ 6 എം.ഡി സീറ്റുകളും 60 കിടക്കകളും രണ്ട് യൂണിറ്റുകളും പ്രവർത്തിക്കുന്നതായും, എം.ഡി സീറ്റുകൾ 10 ആയി വർധിപ്പിക്കാൻ നിർദ്ദേശമുണ്ടെന്നും , ഔട്ട്പേഷ്യന്റ് രോഗികളുടെ എണ്ണം ദിനംപ്രതി ഏകദേശം 200 ആയി വർധിച്ചിട്ടുണ്ടെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയുണ്ടായി. കൂടാതെ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗത്തിൽ ഒരു പ്രൊഫസറും ആറു അസിസ്റ്റന്റ് പ്രൊഫസർമാരുമാണ് നിലവിലുള്ളതെന്നും, സംസ്ഥാനതലത്തിൽ അസോഷ്യേറ്റ് പ്രൊഫസർ തസ്തികകൾ വളരെ പരിമിതമാണെന്നും, നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാർഗ്ഗനിർദേശപ്രകാരം ഓരോ യൂണിറ്റിനും പ്രൊഫസർ/അസോഷ്യേറ്റ് പ്രൊഫസർ തസ്തികകൾ ആവശ്യമാണെങ്കിലും ഉയർന്ന കേഡർ തസ്തികകളുടെ അഭാവം മൂലം സ്ഥാനക്കയറ്റം നല്കാനാകുന്നില്ലെന്നും അതുകൊണ്ട് ടി വിഭാഗത്തിലുള്ള രണ്ട് അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളെ അസോഷ്യേറ്റ് പ്രൊഫസർ തസ്തികകളായി അപ്ഗ്രേഡ് ചെയ്തും, എൻ.എം.സി മാനദണ്ഡങ്ങളും അഡ്വൈസ് സീനിയോറിറ്റിയും പ്രകാരം യോഗ്യത നേടിയ ടി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. മുരളീധരൻ പി.സി., ഡോ. മോഹൻ രാജ് എം. എന്നിവർക്ക് പ്രസ്തുത തസ്തികയിലേക്ക് താൽകാലിക സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട്

സർക്കാർ മെഡിക്കൽ കോളേജിലെ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗത്തിലെ രണ്ട് അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി അസോഷ്യേറ്റ് പ്രൊഫസർ തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) കൂടാതെ പ്രസ്തുത മെഡിക്കൽ കോളേജിലെ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. മുരളീധരൻ പി.സി, ഡോ. മോഹൻ രാജ് എം. എന്നിവർക്ക് സീനിയോറിറ്റി പട്ടികയുമായി ബന്ധപ്പെട്ട് നിലവിലുള്ള ബഹു. ഹൈക്കോടതി ഉത്തരവിന് വിധേയമായി കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 31(a)(i) പ്രകാരം അസോഷ്യേറ്റ് പ്രൊഫസർ തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകി മേൽ പ്രകാരം തസ്തിക അപ്ഗ്രേഡ് ചെയ്തുമൂലം നിലവിൽ വന്ന തസ്തികകളിൽ നിയമനം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

തരുൺ ലാൽ.എസ്

അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനതപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം

പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്

ഡോ. മുരളീധരൻ പി.സി., അസിസ്റ്റന്റ് പ്രൊഫസർ, ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്.

(ഡി എം ഇ മുഖേന)

ഡോ. മോഹൻ രാജ് എം., അസിസ്റ്റന്റ് പ്രൊഫസർ, ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്.

(ഡി എം ഇ മുഖേന)

ധനകാര്യ വകുപ്പ് (3445790/HLT-B1/36/2026-FIN Dated:13-03-2026)

ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എസ്1/47/2026/ആ.ക.വ)

ഉത്തരവിൻ പ്രകാരം

Signed by
Ragasmitha V M
Date: 05-06-2026 10:56:19

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്